പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1653 | | 01.11.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| കോട്ടൺഹിൽ സ്കൂളിലെ പുതിയ കെട്ടിട നിർമ്മാണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.എസ്.ശിവകുമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ കോട്ടൺഹിൽ സ്കൂളിനും പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി 2015-16 സാമ്പത്തിക വർഷം ആസ്തി വികസന സ്കീമിൽ നിന്നും 45 ലക്ഷം രൂപ ചെലവഴിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിരുന്നുവെങ്കിലും നിർമ്മാണം ആരംഭിക്കണമെങ്കിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടം നഗരസഭ പൊളിച്ചുമാറ്റി സൈറ്റ് ക്ലിയർ ചെയ്ത് നൽകിയാൽ മാത്രമേ സാധിക്കുകയുള്ളൂയെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ)<br>&<br>(ബി) | തിരുവനന്തപുരം നഗരസഭ പരിധിയിലെ കോട്ടൺഹിൽ സ്കൂളിനും പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി കെട്ടിടം പണിയുന്നതിന് സൗകര്യപ്രദമായ സ്ഥലം സ്കൂൾ കോമ്പൗണ്ടിൽ ഇല്ലാത്തതിനാലും നിലവിൽ കുട്ടികൾക്ക് പഠിക്കുവാൻ സ്ഥലപരിമിതി ഉള്ളതിനാലും നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയ നിർമ്മാണത്തിന് സൗകര്യം ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭ കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. കെട്ടിടം പൊളിച്ചു മാറ്റാൻ ഉടനടി നടപടി സ്വീകരിക്കുമെന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇനിയും കാലതാമസം വരുത്താതെ വിദ്യാർത്ഥികളുടെ പഠന സൗകര്യവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരം നഗരസഭയുടെ ഭാഗത്തു നിന്നും അനുകൂല നടപടികളുണ്ടാകുമോ; ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ